"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - കോട്ടയം ജില്ലയിലെ കുറിച്ചി സർക്കാർ ഹോമിയോ ആശുപത്രിയിലെ നേഴ്സ് ഗ്രേഡ്-II ശ്രീമതി ആൻസി ജോസഫ്-ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.104/2025/AYUSH തീയതി, തിരുവനന്തപുരം, 22-02-2025

---

പരാമർശം:- (1) ശ്രീമതി ആൻസി ജോസഫ് സമർപ്പിച്ച 31/08/2024-ലെ അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 06/12/2024-ലെ DHTVM/2291/2024EA2 - നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കുറിച്ചി സർക്കാർ ഹോമിയോ ആശുപത്രിയിലെ നേഴ്സ് ഗ്രേഡ്-II തസ്തികയിൽ 31/08/2024-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ആൻസി ജേസഫ്-ന് M.Sc നേഴ്സിംഗ് കോഴ്സ് പൂർത്തീകരിക്കുന്നതിലേയ്ക്കായി 01/09/2024 മുതൽ 02/11/2025 വരെ 428 ദിവസം കെ.എസ്.ആർ. ഭാഗം-I അനുബന്ധം X1I B പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെയും, രേഖകളുടേയും വെളിച്ചത്തിൽ, കോട്ടയം ജില്ലയിലെ കുറിച്ചി സർക്കാർ ഹോമിയോ ആശുപത്രിയിലെ നേഴ്സ് ഗ്രേഡ്-II ശ്രീമതി ആൻസി ജോസഫ്-ന് 01/09/2024 മുതൽ 02/11/2025 വരെ കെ.എസ്.ആർ., ഭാഗം-I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (ഇൻ-ചാർജ്ജ്), തിരുവനന്തപുരം.

2. ശ്രീമതി ആൻസി ജോസഫ്, നേഴ്സ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, കുറിച്ചി, കോട്ടയം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (12/02/2025-ലെ E 3024600/HLT-B3/68/2024-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 22-02-2025 11:26:49

സെക്ഷൻ ഓഫീസർ